VIII. റിപ്പോർട്ട് സമർപ്പണം

ഡോ. തോമസ് ഐസക്ക്: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ 81 മുതൽ 84 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: ഇന്ന് വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. വളരെ ക്ലിപ്തമായ സമയമേയുള്ളു. ബി.എ.സി.-യിൽ എല്ലാവരും കൂടെ തീരുമാനിച്ച കാര്യമാണ്. കാട് കയറി സംസാരിക്കുന്നതിലല്ല; കാര്യമാത്രമായി പ്രസംഗിച്ച് സമയത്ത് അവസാനിപ്പിക്കുന്നതാണ് നല്ലത്.

ക്രമപ്രശ്നം (തുടർച്ച)

(2) ചട്ടവിരുദ്ധമായി ഒരു ഓർഡിനൻസിനു പകരം രണ്ട് ബില്ലുകൾ അവതരിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമനിർമ്മാണ പ്രക്രിയയിലേക്ക് കടക്കുന്നതിനുമുമ്പ് എനിക്ക് ഒരുകാര്യം ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽ പെടുത്താനുണ്ട്. കഴിഞ്ഞ ദിവസം ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയ സന്ദർഭത്തിൽ ഈ പ്രശ്നം ചർച്ച ചെയ്തിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ആ യോഗത്തിൽ ഇല്ലാതിരുന്നതുകൊണ്ടാണ് ഇത് പറയുന്നത്. അസാധാരണമായ നടപടികളിലേക്കാണ് ഇന്ന് നിയമസഭ നീങ്ങുന്നത്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരിക്കലും ഇല്ലാത്ത സംഭവത്തിനാണ് നമ്മൾ സാക്ഷ്യം വഹിക്കാൻ പോകുന്നത്. ഇവിടെ 1905-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചു. ഒരു ഓർഡിനൻസിനു പകരം രണ്ട് ബില്ലുകളാണ് ഇവിടെ വന്നിരിക്കുന്നത്. ഒരു ഓർഡിനൻസ് രണ്ട് ബില്ലുകളെ പ്രസവിക്കുക. ഇതുവരെ നിയമസഭയിൽ ഇല്ലാത്ത ഒരു നടപടിക്രമമാണിത്. ഇവിടെ ബില്ല് അവതരിപ്പിക്കാൻ ഗവൺമെന്റിന് അവകാശമുണ്ട്. അതിനെ ആരും ചോദ്യം ചെയ്യുന്നില്ല. രണ്ടോ മൂന്നോ ബില്ലുകൾ വേണമെങ്കിലും അവതരിപ്പിച്ചു കൊള്ളട്ടെ. ഇവിടെ പ്രശ്നം, ഒരു ഓർഡിനൻസിന് പകരം വരുന്ന ബില്ലാകുമ്പോൾ അതിനനുസരിച്ചുള്ള ബില്ലാകണ്ടേ? അപ്പോൾ ഓർഡിനൻസിന് അനുസൃതമായിട്ടുള്ള ഒരു ബില്ല് വരുന്നതിന് പകരം രണ്ട് ബില്ലുകൾ കൊണ്ടു വന്ന നടപടിക്രമം തെറ്റാണെന്നുള്ള കാര്യം ബി. എ. സി. യോഗത്തിൽ ബഹുമാന്യനായ മെമ്പർ ശ്രീ. ടി. എം. ജേക്കബ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽ അപാകതയുണ്ടായി എന്നുള്ള കാര്യം ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം നടപടിക്രമം ഇനി നമ്മുടെ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കുന്നതിനുള്ള റൂളിംഗ് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ചട്ടം 75-ൽ ഓർഡിനൻസുകളെ സംബന്ധിക്കുന്ന പ്രസ്താവനകളെപ്പറ്റി പറയുന്നുണ്ട്. ഇത് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചൂണ്ടിക്കാണിക്കുകയും ഈ വീഴ്ച വളരെ ഗുരുതരമാണെന്ന് ബോദ്ധ്യപ്പെടുത്തിയശേഷവും യാതൊരു സ്റ്റേറ്റ്മെന്റും ഇല്ലാ ഞങ്ങൾക്ക് തന്ന കവറുകളിലെല്ലാം നോക്കി. നിയമ വകുപ്പുമന്ത്രിയുടേതായ യാതൊരു കടലാസും കിട്ടിയിട്ടില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ശ്രീ. ടി. എം. ജേക്കബ് ഇത് ചൂണ്ടിക്കാണിച്ചു. ഞങ്ങളെല്ലാവരും എടുത്തു പറഞ്ഞു. ഓർഡിനൻസ് ക്യാബിനറ്റ് അംഗീകരിച്ചിട്ടല്ലേ ഗവർണ്ണർക്ക് അയയ്ക്കുന്നത്? ഇതുപോലെ പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് മന്ത്രിസഭ ചർച്ച ചെയ്യുന്നില്ലേ? ഇതൊക്കെ കഴിഞ്ഞും ചൂണ്ടിക്കാണിച്ചാൽ, ആ വീഴ്ച പരിഹരിക്കാവുന്ന തരത്തിൽ, നിയമനിർമ്മാണത്തിൽ സഹകരിക്കാൻ കഴിയുന്നവിധത്തിൽ നമ്മുടെ ചട്ടത്തിൽ പറയുന്ന വിധത്തിലെങ്കിലും ഒരു സ്റ്റേറ്റ്മെന്റ് വയ്ക്കേണ്ടേ? അതുപോലും വയ്ക്കാതെയാണ് നിമയനിർമ്മാണത്തിന് പോകുന്നത്. ഇങ്ങനെ തെറ്റായ ഒരു കീഴ്വഴക്കം സഭയിൽ ഉണ്ടാകാൻ പാടില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): രണ്ട് ആക്ടിലെ ഭേദഗതികൾ ഒരുമിച്ച് ഒരു ഓർഡിനൻസായി കൊണ്ടുവരുകയെന്നുള്ളത് സ്വാഭാവികമാണ്. അങ്ങനെ കാലിക്കട്ട് യൂണിവേഴ്സിറ്റി നിയമം പോലുള്ള പല നിയമങ്ങളും ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. .....(ബഹളം)..... ഇവിടുത്തെ നടപടിക്രമമെന്നു പറയുന്നത്, ശ്രീ. വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരുന്ന സന്ദർഭത്തിൽ ഒരു ഓർഡിനൻസിന് രണ്ട് ബില്ലുകൾ എന്ന് വന്നപ്പോൾ, റീ പ്ലേസിംഗ് ബില്ലായിട്ട് ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അത് പറ്റില്ല. രണ്ട് ആക്ടിലുള്ള ഭേദഗതികളാണ്, ഓർഡിനൻസല്ല. റീപ്ലേസിംഗായിട്ട് വരുമ്പോൾ രണ്ട് ബില്ലായിട്ട് അവതരിപ്പിക്കണമെന്ന് ശ്രീ. വർക്കല രാധാകൃഷ്ണൻ റൂളിംഗ് നൽകുകയുണ്ടായി. അതിനുശേഷം ഇവിടെ ഇപ്പോഴും ചെയ്തുവരുന്ന നടപടിക്രമം രണ്ട് ബില്ലുകളായിട്ട് കൊണ്ടുവരുക എന്നുള്ളതാണ്. അതനുസരിച്ചാണ് രണ്ട് ബില്ലുകളായിട്ട് കൊണ്ടുവന്നിരിക്കുന്നത്. ഒരു ബില്ലായിട്ടും കൊണ്ടുവരാം. കാരണം എന്തെന്ന് ചോദിച്ചാൽ Constitution-ൽ ഒറ്റ കാര്യം മാത്രമേ പറയുന്നുള്ളൂ. ഓർഡിനൻസിൽ പറഞ്ഞിരിക്കുന്ന കണ്ടന്റാണ് പ്രധാനം. ഓർഡിനൻസിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ നിയമമാകണമെങ്കിൽ അത് ഒരു ബില്ലിൽക്കൂടി റീപ്ലെയ്സ് ചെയ്യണമെന്നുള്ളതല്ലാതെ അത് ഇന്ന രീതിയിൽ വേണമെന്നൊന്നും കോൺസ്റ്റിറ്റ്യൂഷനിൽ ഇല്ല. അതുകൊണ്ട് ഞാൻ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഇതിന് യാതൊരു ഡിസെബിലിറ്റിയും ഇല്ലെന്ന് പറയു

LIBRARY ARCHIVES Kerala Legislative Assembly

കയുണ്ടായി. അതുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. ശ്രീ. വർക്കല രാധാകൃഷ്ണന്റെ റൂളിംഗിനെത്തുടർന്ന് രണ്ട് ബില്ലായിട്ട് അവതരിപ്പിച്ചിരിക്കുന്നു. അത് നിയമാനുസൃതവും നടപടിക്രമങ്ങൾക്കനുയോജ്യവുമാണ്.

മി. സ്പീക്കർ: ഇവിടെ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞ സ്റ്റേറ്റ്മെന്റ് കൊടുക്കണമെന്നുള്ള കാര്യം ബില്ല് അവതിരിപ്പിച്ചിട്ടാണ് സ്റ്റേറ്റ്മെന്റ് വയ്ക്കുക. അല്ലാതെ നേരത്തെ കവറിലിട്ട് കൊടുക്കാൻ പറ്റില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യമാണെങ്കിൽ ഇതു സംബന്ധിച്ച് പരിശോധിച്ചപ്പോൾ 29-3-2003-ൽ promulgate ചെയ്ത തദ്ദേശ സ്വയംഭരണ സ്ഥാപന നിയമ ഭേദഗതി (രണ്ടാം നമ്പർ) ഓർഡിനൻസിന് പകരമായി 2003 കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും 2003-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 17-6-2003-ൽ സഭയിൽ അവതരിപ്പിക്കുകയും 19-6-2003-ലും 23-6-2003-ലും പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സഭയിൽ അങ്ങനെ ഒരു precedent ഉള്ള സാഹചര്യത്തിൽ ഇക്കാര്യം ക്രമവിരുദ്ധമായി ചെയറിന് തോന്നുന്നില്ല. ഇവിടെ ഉന്നയിച്ച തടസ്സവാദങ്ങൾ ഞാൻ റിജക്ട് ചെയ്യുന്നു.

IX. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(2) 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

(3) 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

(4) 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും (ഓർഡിനൻസ് പ്രകാരമുള്ള ബില്ല്), 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും (ഓർഡിനൻസിന് പകരമുള്ള ബില്ല്), 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലും, 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly